**പതിനാലാം കേരളനിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1665** **31.01.2018 ൽ മറുപടിയ്ക്ക്**

**അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | അംഗൻവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കുമായി ഈ സർക്കാർ പ്രഖ്യാപിച്ച വേതന വർദ്ധനവിന്റെ പ്രാബല്യം എന്ന് മുതലാണ് എന്ന് വ്യക്തമാക്കുമോ; | എ) | അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 6,600/- രൂപയിൽ നിന്ന് 10,000/- രൂപയായും, 4,100/- രൂപയിൽ നിന്ന് 7,000/- രൂപയായും 01.04.2016 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | വർദ്ധിപ്പിച്ച വേതനം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും യഥാസമയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തുക കുടിശ്ശിക സഹിതം 2235-02-102-55(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ 25.01.2018 ലെ സ.ഉ (സാധാ) നം. 36/2018/സാ.നീ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ